**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147** **19-01-2021 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് ,<br>ശ്രീ. റോഷി അഗസ്റ്റിൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കേരള കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം തുടങ്ങാൻ തീരുമാനിച്ചത് ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ; | (എ) | 13/10/2020 - ലെ സർക്കാർ ഉത്തരവ് (പി) നം. 19/2020/കൃഷി പ്രകാരം കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 15.10.2020- ൽ ചെയർമാനും മറ്റ് ബോർഡ് അംഗങ്ങളും ചുമതല ഏറ്റെടുത്തതോടെ കേരള കർഷക ക്ഷേമനിധി ബോർഡ് ഔദ്യോഗികമായി നിലവിൽ വന്നു. ബോർഡിന്റെ ആദ്യ യോഗം 04.11.2020- ന് തിരുവനന്തപുരം, ആനയറ സമേതിയിൽ ചേരുകയും ബോർഡിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് 100 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്. പുതിയ ബഡ്ജറ്റിൽ 200 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. ബോർഡിന്റെ ചട്ടങ്ങളും പദ്ധതിയും ബൈലോയും രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ബോർഡിന്റെ ആസ്ഥാന മന്ദിരത്തിനായി തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ഓഫീസുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ഓഫീസ് പ്രവർത്തനം സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. തിരുവനന്തപുരം മേഖലാ ഓഫീസിനും ലെയ്സൺ ഓഫീസിനുമായി ഉദ്ദേശം 1500 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആനയറ സമേതിയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. അവിടെയും ഓഫീസ് പ്രവർത്തനം സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കർഷക രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്കായി എൻ.ഐ.സി യുമായി ചർച്ചകൾ നടന്നു വരികയാണ്. കർഷകർക്കുള്ള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട വിഷയത്തിലും |

| | | | |
|---|---|---|---|
| | | | സർക്കാർ ഉടമസ്ഥതയിലുള്ള ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കേരള കർഷക ക്ഷേമനിധി ബോർഡിന്റെ അംഗത്വം എടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; സ്വന്തമായി സ്ഥലം ഉണ്ടാവണമെന്ന് നിർബന്ധമുണ്ടോയെന്നും പാട്ടത്തിന് കൃഷി നടത്തുന്നവർക്ക് അംഗത്വത്തിന് അർഹതയുണ്ടോയെന്നും വിശദമാക്കുമോ; | (ബി) | പതിനെട്ട് വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും കേരള കർഷക ക്ഷേമനിധി ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരം നിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. കിസാൻ അഭിമാൻ പദ്ധതി പ്രകാരമുള്ള തുക കർഷകക്ഷേമ നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന പക്ഷം അങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്ന തീയതി മുതൽ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരെ നിധിയിലെ അംഗങ്ങളായി കരുതുന്നതാണ്. കർഷക ക്ഷേമനിധി ആക്റ്റ് പ്രകാരം "കർഷകൻ" എന്നാൽ ഉടമസ്ഥനായോ, അനുമതിപത്രക്കാരനായോ ഒറ്റി കൈവശക്കാരനായോ വാക്കാൽ പാട്ടക്കാരനായോ സർക്കാർ ഭൂമി പാട്ടക്കാരനായോ കുത്തക പാട്ടക്കാരനായോ അല്ലെങ്കിൽ ഭാഗികമായി ഒരു നിലയിലും ഭാഗികമായി മറ്റു വിധത്തിലും അഞ്ച് സെന്റിൽ കുറയാതെയും പതിനഞ്ച് ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും അഞ്ച് ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ളതും മൂന്ന് വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവന മാർഗ്ഗമാക്കിയിരിക്കുകയും ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു. റബ്ബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ സംഗതിയിൽ ഏഴര ഏക്കറിൽ കൂടുതൽ ഭൂമി ഏതെങ്കിലും വിധത്തിൽ കൈവശം വയ്ക്കുന്നവർ കർഷകൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതല്ല. സ്വന്തമായി സ്ഥലം ഉണ്ടാകണമെന്ന് നിർബന്ധമില്ല. പാട്ടക്കാർക്കും പദ്ധതിയിൽ അംഗമാകാം. |
| (സി) | സ്ഥലം കൈവശമിരുന്നിട്ടും പട്ടയം അനുവദിച്ച് ലഭിക്കാത്ത ഇടുക്കി പോലെയുള്ള പ്രദേശങ്ങളിലെ കർഷകർക്ക് പ്രസ്തുത ക്ഷേമനിധി ബോർഡിൽ അംഗത്വം എടുക്കുന്നതിന് സാധ്യമാണോ; ഇല്ലെങ്കിൽ അവരെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പതിനെട്ട് വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും കേരള കർഷക ക്ഷേമനിധി ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരം നിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. കിസാൻ അഭിമാൻ പദ്ധതി പ്രകാരമുള്ള തുക കർഷകക്ഷേമ നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന പക്ഷം അങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്ന തീയതി മുതൽ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരെ നിധിയിലെ അംഗങ്ങളായി കരുതുന്നതാണ്. കർഷക ക്ഷേമനിധി ആക്റ്റ് പ്രകാരം "കർഷകൻ" എന്നാൽ ഉടമസ്ഥനായോ, അനുമതിപത്രക്കാരനായോ ഒറ്റി കൈവശക്കാരനായോ വാക്കാൽ പാട്ടക്കാരനായോ സർക്കാർ ഭൂമി പാട്ടക്കാരനായോ കുത്തക |

| | | | |
|---|---|---|---|
| | | | പാട്ടക്കാരനായോ അല്ലെങ്കിൽ ഭാഗികമായി ഒരു നിലയിലും ഭാഗികമായി മറ്റു വിധത്തിലും അഞ്ച് സെന്റിൽ കുറയാതെയും പതിനഞ്ച് ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും അഞ്ച് ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ളതും മൂന്ന് വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവന മാർഗ്ഗമാക്കിയിരിക്കുകയും ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു. റബ്ബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ സംഗതിയിൽ ഏഴര ഏക്കറിൽ കൂടുതൽ ഭൂമി ഏതെങ്കിലും വിധത്തിൽ കൈവശം വയ്ക്കുന്നവർ കർഷകൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതല്ല. സ്വന്തമായി സ്ഥലം ഉണ്ടാകണമെന്ന് നിർബന്ധമില്ല. പാട്ടക്കാർക്കും പദ്ധതിയിൽ അംഗമാകാം. |
| (ഡി) | കർഷകർക്ക് സർക്കാർ ലഭ്യമാക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും കർഷക ക്ഷേമനിധി ബോർഡ് അംഗത്വം നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ